**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4740** **13-03-2023 - ൽ മറുപടിയ്ക്ക്**

**മയ്യഴിപ്പുഴയോരം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ കോഴിക്കോട് ജില്ലയുമായി അതിർത്തി പങ്കിടുന്ന മയ്യഴിപ്പുഴയുടെ പുഴയോര ഭിത്തി നിർമ്മിക്കാത്തത് കാരണം കരയിടിച്ചിലും അപകട ഭീഷണിയും നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മാഹി പുഴയിൽ വെള്ളം കയറിയതിനെ തുടർന്ന് കരയിടിച്ചിൽ ഭീഷണി നിലനിൽക്കുന്നുണ്ട്. |
| (ബി) | പുല്ലൂക്കര വരപ്രത്ത് ഭാഗത്ത് കഴിഞ്ഞ കാലവർഷക്കെടുതിയിൽ ഉണ്ടായ കരയിടിച്ചിൽ കാരണം വീട്ടുകാരെ മാറ്റിപ്പാർപ്പിക്കേണ്ട സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷ ങ്ങളിൽ ഉണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മാഹി പുഴയിൽ വെള്ളം കയറിയതിനെ തുടർന്ന് കരയിടിച്ചിൽ ഭീഷണി നിലനിൽക്കുന്നുണ്ട്. ഏകദേശം 272 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതായുണ്ട്. |
| (സി) | പെരിങ്ങത്തൂർ മുതൽ നാല് തെങ്ങ് വരെ തീരദേശ റോഡ് നിർമ്മിച്ചെങ്കിലും പുഴയോര ഭിത്തി നിർമ്മാണം പൂർത്തിയാവാത്തതിനാൽ റോഡ് തന്നെ ഇല്ലാതാകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പെരിങ്ങത്തൂർ മുതൽ നാല് തെങ്ങ് വരെ തീരദേശ റോഡിന് ചേർന്ന് പുഴയോര സംരക്ഷണ ഭിത്തി നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിങ്ങത്തൂർ പാലം മുതൽ നാലുതെങ്ങു വരെ ഏകദേശം 1600 മീറ്റർ നീളത്തിൽ തീരദേശ റോഡിന് സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതായുണ്ട്. |
| (ഡി) | പ്രസ്തുത പ്രദേശങ്ങളിൽ പുഴയോര ഭിത്തി നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പ് മുൻകൈയെടുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഡി) | മേൽ പ്രദേശങ്ങളിൽ പുഴയോര ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വരപ്രത്ത് ഭാഗത്ത് മാഹി പുഴയുടെ 100 മീ നീളത്തിൽ തീരസംരക്ഷണത്തിനായി 20 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിച്ചെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചില്ല. തുടർന്ന് മേൽ പ്രവൃത്തിക്ക് 42.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2023-24 ബഡ്ജറ്റ് പ്രൊപ്പോസലിലും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചെറുപുല്ലൂക്കര എന്ന സ്ഥലത്ത് 172 മീറ്റർ തീരസംരക്ഷണത്തിനായി 70.6 ലക്ഷം രൂപയുടെ പ്രവൃത്തി 2023-24 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. പെരിങ്ങത്തൂർ മുതൽ നാല് തെങ്ങ് വരെ നിർമ്മിച്ച തീരദേശ റോഡിന്റെ ഭാഗത്ത് പെരിങ്ങത്തൂർ പാലത്തിന് താഴെ ഭാഗം മുതൽ നാല് തെങ്ങ് വരെ ഏകദേശം 1600 മീറ്റർ തീരസംരക്ഷണത്തിനായി 600 ലക്ഷം രൂപയുടെ പ്രവൃത്തി 2023-24 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.<br><br>ഇതുകൂടാതെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ വിവിധ ഇടങ്ങളിലായി മയ്യഴി പുഴയുടെ തീരസംരക്ഷണത്തിനായി ആകെ 430 ലക്ഷം രൂപയുടെ പ്രവൃത്തികൾ 2023-24 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. നിർദ്ദേശിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കണ്ണൂർ ജില്ലയിൽ പാനൂർ മുനിസിപ്പാലിറ്റിയിൽ വരപ്രത്ത് എലിത്തോട് പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | 42.70 ( FD) |
| 2 | കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയിൽ ചെറുപ്പല്ലക്കര എന്ന സ്ഥലത്ത് 17/127, 17/149, 17/152 എന്നീ നമ്പറുകളിലുള്ള വീട്ടുകളുടെ സമീപത്തായി എലിത്തോടിന്റെ വലതുകര സംരക്ഷണ പ്രവൃത്തി. (Price ID.IRR/IA/FL/4144/2022_5_1_1) | 70.60 ( FD) |
| 3 | കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയിൽ പെരിങ്ങത്തൂർ പാലത്തിന് താഴെ ഭാഗം മുതൽ നാലു തെങ്ങിൽ വരെ മാഹി പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | 600 ( FC) |
| 4 | കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ മുണ്ടത്തോട് പാലത്തിനു സമീപം മുണ്ടത്തോട് പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | 130.00 (FD) |
| 5 | കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ 13/308, 13/309 നം. വീടിന് സമീപത്തായി മാഹി പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | 100.00 (FD) |
| 6 | കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ മാഹി പുഴയുടെ (ചാത്തോൾ പുഴ) വലതുകര സംരക്ഷണ പ്രവൃത്തി | 50.00 (FD) |
| 7 | കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ മാഹി പുഴയുടെ (കണ്ണോൾ പുഴ) വലതുകര സംരക്ഷണ പ്രവൃത്തി | 50.00 (FD) |
| 8 | കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ കല്ലാച്ചേരി പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | 100.00 (FD) |

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**